ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ) സർ, ചെറിയമങ്ങാട്, ഏഴുമുടിക്കൽ മുതൽ കണ്ണാകടവ് വരെയുള്ള കടൽപ്പുറപ്രദേശങ്ങൾ കൊയിലാണ്ടി, ചേങ്ങോട്ടുകാവ്, പേരാമ്പ്ര എന്നീ പഞ്ചായത്തുകളിലാണു സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തുകളിലൊക്കെ ഓരോ ചെടിയ വാട്ടർ സപ്ലൈസ് സ്കീമുകളും നിലവിലുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പോലെ കടൽതീരപ്രദേശങ്ങളിൽ താമസിക്കുന്ന ഉപ്പുവെള്ളം കുടിക്കുന്ന ആളുകളെ സംബന്ധിച്ചടത്തോളം പൂർണ്ണമായും അവർക്ക് ശുദ്ധജലം എത്തിക്കുന്നതിന് മതിയായ പദ്ധതികളല്ല അവിടെയുള്ളത്. അതുകൊണ്ട് അവിടെ വളരെ പ്രയാസങ്ങളുണ്ട്. ആ പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് ഈ മൂന്നു പഞ്ചായത്തുകളിലുമായി ഏഴ് കുഴൽക്കിണറുകൾ കുഴിക്കുകയുണ്ടായി. അതിൽ മൂന്നെണ്ണത്തിൽ ഹാൻഡ് പമ്പുകളും നാലെണ്ണത്തിൽ പവ്വർ മോട്ടോഴ്സും കൊടുത്ത് ശുദ്ധജല വിതരണം നടത്തുകയാണ്. എന്നാലും അത് മതിയാകുന്നതല്ല, കേന്ദ്രഗവൺമെൻറിൻെറ സഹായത്തോടുകൂടി കൊയിലാണ്ടിയിലും മറ്റു പ്രദേശങ്ങളിലുമായി ശുദ്ധജലം എത്തിക്കുന്നതിന് അഞ്ചര കോടി രൂപയോളം ചെലവുവരുന്ന കേന്ദ്രഗവൺമെൻറിൻെറ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി തുടങ്ങുകയും അതിൻെറ പ്രവർത്തനം വളരെ ഊർജ്ജിതമായി നടക്കുകയും ചെയ്യുന്നുണ്ട്. അത് പൂർത്തീകരിക്കുമ്പോൾ കൊയിലാണ്ടി, ചെങ്ങോട്ടുകാവ്, പേരാമ്പ്ര എന്നീ പഞ്ചായത്തുകൾക്കു മാത്രമല്ല, ആ നിയോജകമണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളിലും പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പ്രദേശങ്ങളിലുമൊക്കെ ശുദ്ധജലം എത്തിച്ചുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ കടലോരപ്രദേശങ്ങളിലും ശുദ്ധജലവിതരണം ഇതുവരെ കിട്ടാത്ത പ്രദേശങ്ങളിലും പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

III. സബ്മിഷൻ

(1) ആനമലറോഡിൽ മണ്ണിടിഞ്ഞുണ്ടായ തടസ്സം

ശ്രീ. കെ. ജെ. തോമസ്: പാലക്കുടിയിൽനിന്ന് പൊള്ളാച്ചിയിലേക്ക് പോകുന്ന ആനമലറോഡ് 60-ാം കി. മീ. മുതൽ 73-ാം കി. മീ. വരെ മണ്ണിടിഞ്ഞുവീണ് സഞ്ചാരയോഗ്യമല്ലാതായിരിക്കുകയാണ്. ഏതാണ്ട് 32 ദിവസങ്ങളായി ഈ വഴിക്ക് യാതൊരുവാഹനങ്ങളും യാത്ര ചെയ്തിട്ടില്ല. ഇന്ന് വളരെ ബുദ്ധിമുട്ടി ജീപ്പുകളും പോകുന്നുണ്ട്. മലക്കപ്പാറയിലുള്ള തേയിലത്തോട്ടം തൊഴിലാളികൾക്ക് റേഷനും മറ്റു സാധനങ്ങളും കിട്ടാത്ത വിധത്തിൽ അവിടത്തെ ഗതാഗതസൗകര്യം വിഛേദിക്കപ്പെട്ടിരിക്കുകയാണ്. ഇന്ന് പൊള്ളാച്ചിയിൽനിന്നും വാൽപ്പാറയിൽനിന്നും ഈ രണ്ട് സ്ഥലങ്ങളിലും കൊണ്ടുവരുന്ന ഭക്ഷണമാണ് കഴിക്കുന്നത്. അത്രയും ബുദ്ധിമുട്ടുള്ള ഈ സ്ഥലത്ത് 32 ദിവസങ്ങളായി, ബസ്സുകളും ലോറികളും പോകാൻ കഴിയാതെ 'റോഡ് ക്ലോസ്ഡ്' ബോർഡ് വെച്ചിട്ടുപോലും ഇടിഞ്ഞുവീണ മണ്ണുപോലും ഇതുവരെ മാറിയിട്ടില്ല. ഞാൻ ഈ സ്ഥലം പോയി കണ്ടതാണ്. പക്ഷേ ഇതുവരെ അതിന് യാതൊരു നടപടിയുമെടുത്തിട്ടില്ല. നടപടിയെടുത്തുവെന്ന് മന്ത്രി പറയും, ടെണ്ടർ വിളിച്ചു. പക്ഷേ ടെണ്ടർ ബോയിക്കോട്ട് ചെയ്തിരിക്കുന്ന കാലഘട്ടമായതുകൊണ്ട് ആരുംതന്നെ മണ്ണ് നീക്കുന്നതിന് ടെണ്ടർ എടുത്തിട്ടില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഡിപ്പാർട്ടുമെൻറലായിട്ട് അവിടെനിന്നും മണ്ണുനീക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നാണ്. നാലഞ്ചു ബസ്സുകളോടുന്ന റൂട്ടാണത്. പരിപൂർണ്ണ സഹകരണം കൊടുക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഇതിന് വീഴ്ച വരുത്തരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ കെ. അവുക്കാദർകുട്ടിനഹ): സർ, ഈ കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടതാണ്. കഴിഞ്ഞ ജൂണിൽ ഉണ്ടായ വെള്ളപ്പൊക്കം മൂലം ഈ റോഡിന് കേടുവന്നിട്ടുണ്ട്. 63 കി. മീ. മുതൽ 65 കി.മീ. വരെയുള്ള സ്ഥലത്ത് വളരെയധികം മണ്ണിടിഞ്ഞിട്ടുണ്ട്. മണ്ണ് നീക്കിയതുകൊണ്ടുമാത്രം വാഹനഗതാഗതം സുഗമമാക്കാൻസാദ്ധ്യമല്ലായെന്ന് ഗവൺമെൻറ് മനസ്സിലാക്കിയതിൻെറ അടിസ്ഥാനത്തിൽ അവിടെ റോഡിൻെറ സൈഡ് ചെത്തിവീതികൂട്ടി ബസ്സും ലോറിയും പോകത്തക്കവിധത്തിൽ ഉള്ള ഒരു പ്രവർത്തനത്തിന് ഇരുപത് ലക്ഷത്തിൻെറ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിൻെറ ടെണ്ടറിൻെറ അവസാനദിവസം ഇന്നലെയായിരുന്നു. കോൺട്രാക്ടർമാർ ബഹിഷ്ക്കരിച്ചുവെങ്കിലും ഇന്നലത്തോടുകൂടി ആ ബഹിഷ്കരണം നീക്കിയിട്ടുണ്ടെന്നുള്ള കാര്യംകൂടി ഞാൻ അറിയിക്കുകയാണ്. അതുകൊണ്ട് ടെണ്ടർ വിളിക്കാൻ ആളുകളുണ്ടാകും. ടെണ്ടർ ഉറപ്പിച്ചുകഴിഞ്ഞാൽ ഉടനെ പ്രവർത്തനം ആരംഭിക്കും.

(2) ഈരാറ്റുപേട്ട വിദ്യുച്ഛക്തി സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. പി. സി. ജോർജ് : സർ, ഈരാറ്റുപേട്ടയിലും പ്രാന്തപ്രദേശത്തുമുള്ള ഒൻപത് പഞ്ചായത്തുകളിലും ഇപ്പോൾ വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നത് പാലാ, കാഞ്ഞിരപ്പള്ളി എന്നീ ഫീഡറുകളിൽ നിന്നുമാണ്. ഇതിൽ ഏതെങ്കിലും, പാലാക്കാരോ കാഞ്ഞിരപ്പള്ളിക്കാരോ ആ ഫീഡറുകൾ കട്ട് ചെയ്താൽ വൈദ്യുതി ലഭിക്കില്ലയെന്നുള്ള സാഹചര്യമാണ് ഇപ്പോഴുള്ളത്. മാത്രമല്ല, ഈ ഫീഡറുകളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതികൊണ്ട് രാത്രി സമയത്ത് വിദ്യാർത്ഥികൾക്ക് വായിക്കാൻപോലും ഉള്ള വിദ്യുച്ഛക്തി ലഭിക്കുന്നില്ല. വോൾട്ടേജില്ലായെന്നുള്ള ഗതികേടുമുണ്ട്. ഇതിന് പരിഹാരമാർഗ്ഗമായി ഈരാറ്റുപേട്ട കേന്ദ്രമാക്കി ഒരു സബ്സ്റ്റേഷൻ പണിയുകയെന്നുള്ളതാണ്. ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി മന്ത്രി ആ സബ്സ്റ്റേഷൻ ആരംഭിക്കാനുള്ള പണികൾ തുടങ്ങണമെന്ന് വളരെ താഴ്മയായി അപേക്ഷിക്കുകയാണ്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവിടെ സബ്സ്റ്റേഷൻ ഉണ്ടായിക്കാണണമെന്ന് എനിക്കും ആഗ്രഹമുണ്ട്. അത് വളരെ അത്യാവശ്യമുള്ള ഒരു കാര്യമാണ്. പക്ഷേ പാലായിൽനിന്ന് ലൈൻ വലിക്കാതെ ഇത് സാദ്ധ്യമല്ല. പാലായുമായി ബന്ധപ്പെടാതെപറ്റില്ല. പാലായിൽ ഈരാറ്റുപേട്ടയിൽ 66-11 കെ. വി. സബ്സ്റ്റേഷൻ പണിയുന്നതിന് പാലാ സബ് സ്റ്റേഷനിൽ നിന്ന് 10 കി. മീ. 66 കെ. വി. ഡബിൾ സർക്യൂട്ട് ലൈൻ വലിച്ചേ നടത്താൻ കഴിയൂ. ഇങ്ങനെയൊരു പ്രൊപ്പോസലുണ്ട്. ബോർഡ് വളരെ കാര്യമായി ആ പ്രൊപ്പോസൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എത്രയും വേഗം അത് എക്സ്പിഡൈറ് ചെയ്യാൻ ശ്രമിക്കുന്നതാണ്.

(3) റബ്ബർ റീപ്ലാന്റിംഗ് സബ്സിഡിയും ലോണും

ശ്രീ. തോമസ് കല്ലമ്പള്ളി : സർ, നമ്മുടെ സംസ്ഥാനത്തെ റബ്ബർ കർഷകർ റബ്ബറിൻെറ റീപ്ലാന്റിംഗ് സബ്സിഡിയും ലോണും നിറുത്തലാക്കിയിരിക്കുന്നുവെന്ന ഭീതിയിൽ കഴിയുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദനം കൂട്ടാനുള്ള ഏക മാർഗ്ഗമാണ്, അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ വച്ചുപിടിപ്പിക്കുകയെന്നുള്ളത്. ഏഴാം പദ്ധതിയിൽ റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly